# കേരള കാർഷിക സർവകലാശാലാ ഗ്രന്ഥാലയ - വിജ്ഞാന വിതരണ സംവിധാനം

കാർഷിക ഉൽപാദന ക്ഷമത ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമാണ്. ഈ സാങ്കേതിക വിദ്യയുടെ പ്രയോഗം കാർഷിക ഗവേഷണത്തെയും, വിദ്യാഭ്യാസത്തെയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെയും ആധാരമാക്കിയുള്ളതാണ് എന്നു പറയാം. ഇവയുടെ ഗുണ നിലവാരമാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന ഗ്രന്ഥാലയ വിജ്ഞാനവിനിമയ സംവിധാനങ്ങളുടെ കാര്യക്ഷമതയെ ആശ്രയിച്ചാണിരിക്കുന്നത്.

നമ്മുടെ കാർഷിക ഗവേഷണ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചു കൊണ്ട്, ഭാരതത്തിലെ തന്നെ ഏററവും ബൃഹത്തായ, കാര്യക്ഷമമായ ഒരു കാർഷിക ഗ്രന്ഥാലയ വിജ്ഞാന വിതരണ സംവിധാനം കേരള കാർഷിക സർവകലാശാലയിൽ സ്ഥാപിതമാകുന്നു. ഇതിലേക്ക് വേണ്ടി പ്രത്യേകം അസൂത്രണം ചെയ്ത 'യൂണിവേഴ്സിററി ലൈബ്രറി മന്ദിരം പ്രവർത്തന സജ്ജമാകുകയാണ്. കേരളത്തിൻെറ പരമ്പരാഗത വസ്തുശിൽപ ശൈലിയും ആധുനിക സൗകര്യങ്ങളും സമന്വയിക്കപ്പെട്ട ഈ മന്ദിരം വെള്ളാനിക്കര കാമ്പസ്സിൻെറ ഏററവും മനോഹരമായ, ശാന്തമായ ഒരു ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഇൻഫർമേഷൻ ടെക്നോളജി രംഗത്തെ അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള ഗ്രന്ഥാലയ വിജ്ഞാന സേവന സംവിധാനങ്ങൾ ആണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്. അച്ചടിച്ച പുസ്തകങ്ങൾക്ക് പുറമേ എല്ലാ മാധ്യമങ്ങളിലും ഉൾപ്പെട്ടിട്ടുള്ള അറിവുകൾ ശേഖരിക്കുന്നതിനും അത് ഗവേഷകർക്കും, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും കർഷകർക്കും ഉപയോഗപ്പെടുത്തുന്നതിനും വേണ്ട ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഇവിടെ ഉണ്ടാവും.

## OPAC കാററലോഗ്

സർവകലാശാലയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ ഗ്രന്ഥാലയങ്ങളിലുള്ള പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും, മററ് ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലെ രേഖകളുടെയും വിവരങ്ങൾ പൂർണമായും ഉൾക്കൊള്ളുന്ന ഒരു ഓൺ ലൈൻ. പബ്ലിക് ആക്സസ്സ് (OPAC) കാററലോഗ് നിർമ്മിക്കുവാൻ സർവകലാശാല തീരുമാനിച്ചിട്ടുണ്ട്. ഈ കംപ്യൂട്ടറൈസ്ഡ് കാററലോഗിലൂടെ എന്ത് എവിടെ ലഭ്യമാണെന്ന് എല്ലാ സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്താനാവും.

## CDROM സൗകര്യങ്ങൾ

റഫറൻസ് പുസ്തകങ്ങളുടെയും, കാർഷിക ശാസ്ത്ര സംബന്ധമായ ആനുകാലികങ്ങളുടെ, പ്രസിദ്ധീകരിക്കപ്പെട്ടതു മുതലുള്ള എല്ലാ ലക്കങ്ങളുടെയും CDROM ൽ പകർത്തിയ ബൃഹത്തായ ഒരു ശേഖരം യൂണിവേഴ്സിററി ലൈബ്രറിയിൽ ഉണ്ടായിരിക്കും.

## ഇലക്ട്രോണിക് ലൈബ്രറി

സി. ഡി. റോമിലും മററ് ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലും രേഖപ്പെടുത്തിയ ഗ്രന്ഥങ്ങളും ആനുകാലികങ്ങളും, വീഡിയോ ഫിലിമുകളും പൂർണമായും ഉൾക്കൊള്ളുന്ന വിവിധ സ്പെഷ്യലൈസ്ഡ് ലൈബ്രറികൾ ഇവിടെ ലഭ്യമായിരിക്കും. കോളേജുകളിലും ഗവേഷണ കേന്ദ്രങ്ങളിലും നിന്ന് ഇവ നേരിട്ട് ഉപയോഗിക്കുവാനും പുസ്തകങ്ങളോ ലേഖനങ്ങളോ ആവശ്യമാകുമ്പോൾ അവയുടെ കംപ്യൂട്ടർ പ്രിൻറ് ഔട്ട് നേരിട്ട് എടുക്കുവാനും ഇതിലൂടെ സാദ്ധ്യമാവും.

## തിസീസ് കംപ്യൂട്ടറൈസേഷൻ

സർവകലാശാലയുടെ കീഴിൽ സമർപ്പിക്കപ്പെട്ട തീ സി സു ക ൾ കംപ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള ഒരു പദ്ധതി സർവകലാശാലാ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിൻെറ ഭാഗമായി ഇന

യും സമർപ്പിക്കുന്ന തീസിസുകളുടെ ഒരു കോപ്പി ഫ്ളോപ്പി ഡിസ്ക്കിൽ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈബ്രറിയിലെ ഈ തിസീസ് ഡേററാ ബെയ്സ് ദൂരെയുള്ള കോളേജുകളിലും നിന്ന് ഗവേഷണ സ്ഥാപനങ്ങളിലും ഫലപ്രദമായി ഉപയോഗിക്കാനാവും.

## CGIAR ലൈബ്രറി

കൺസൽട്ടേററീവ് ഗ്രൂപ്പ് ഓൺ ഇൻറർനാഷണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സംവിധാനം ചെയ്ത കാർഷിക രംഗത്തെ 24 വർഷത്തെ ഗവേഷണഫലങ്ങൾ പൂർണമായും ഉൾക്കൊള്ളുന്ന ഏററവും വലിയ ഫുൾടെക്സ്ററ് ഇലക്ട്രോണിക് ലൈബ്രറി സർവകലാശാലയ്ക്ക് ലഭിച്ചു കഴിഞ്ഞു. CGIAR ൻെറ കീഴിൽ ഇരുപത് രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഗവേഷണ സ്ഥാപനങ്ങളും വിജ്ഞാന വ്യാപന സംവിധാനങ്ങളും, പ്രസിദ്ധീകരിച്ച അറുപതു ലക്ഷം രൂപയോളം വിലവരുന്ന ഒരു ഗ്രന്ഥശേഖരമാണ് ഇതുൾക്കൊള്ളുന്നത്. ഗ്രന്ഥങ്ങളും ആനുകാലികങ്ങളും, റിപ്പോർട്ടുകളും സെമിനാർ പ്രൊസീഡിംഗുകളും, ഭൂപടങ്ങളും, ചിത്രങ്ങളും ഫീൽഡ് ഗൈഡുകളും അവയുടെ പൂർണരൂപത്തിൽ ഈ ഇലക്ട്രോണിക് ലൈബ്രറിയിൽ ലഭ്യമാണ്.

## വികസനപ്രവർത്തന വിജ്ഞാനം

ഇൻറർ നാഷണൽ ഡെവലപ്പ്മെൻറ് റിസർച്ച് സെൻറർ (IDRC), ഒട്ടാവയിൽ വികസിപ്പിച്ചെടുത്ത ഡെവലപ്പ്മെൻറ് ആക്ററിവിററി ഇൻഫർമേഷൻ ലൈബ്രറിയും കാർഷിക സർവകലാശാലയ്ക്ക് ലഭിച്ചു കഴിഞ്ഞു. വേൾഡ് ബാങ്ക്, FAO തുടങ്ങിയ മുന്നൂറിലധികം ദേശീയ അന്തർദ്ദേശീയ സംഘടനകളുടെ സഹായത്തോടെ ലോകമെങ്ങും നടക്കുന്ന ഗവേഷണ വികസന പദ്ധതികളേയും, ബന്ധപ്പെട്ട വിദഗ്ധന്മാരെയും സ്ഥാപനങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ അടങ്ങുന്ന രണ്ടു ലക്ഷത്തോളം രേഖകളാണ് ഈ ലൈബ്രറിയിലുള്ളത്. വികസ്വര രാഷ്ട്രങ്ങളിലെ ഗ്രന്ഥാലയ വിജ്ഞാന വിതരണ സംവിധാനങ്ങൾ ആധുനീകരിക്കുന്നതിനുള്ള സഹായമെന്ന നിലയ്ക്ക് ഒരു കരാർ പ്രകാരം സൗജന്യമായാണ് ഈ ലൈബ്രറി നമുക്ക് ലഭിച്ചത്.

> **ഗ്രന്ഥാലയ-വിജ്ഞാന വിതരണ രംഗത്തെ അത്യന്താധുനിക സാങ്കേതിക വിദ്യയാണ് മൾട്ടിമീഡിയ ലൈബ്രറികൾ. ഇൻഡ്യയിൽ ആദ്യം ഇത്തരമൊരു സംവിധാനം രൂപകൽപന ചെയ്ത (MCLAS) വിദഗ്ധർ കാർഷിക സർവകലാശാലയിലുണ്ട്. വിദ്യാർത്ഥിയ്ക്കോ ഗവേഷകനോ തൻെറ മുന്നിലുള്ള കമ്പ്യൂട്ടർ ടെർമിനലിലൂടെ തനിക്കാവശ്യമായ വിഷയത്തിലുള്ള പുസ്തകം വായിക്കുന്നതിനോ, വീഡിയോ പ്രോഗ്രാം വീക്ഷിക്കുന്നതിനോ, വിദഗ്ധരുടെ പ്രഭാഷണങ്ങൾ ശ്രവിക്കുന്നതിനോ ആവുന്ന, നിമിഷങ്ങൾക്കകം ഒരു മീഡിയത്തിൽ നിന്ന് മറെറാന്നിലേയ്ക്ക് മാറാനുള്ള സൗകര്യം നൽകുന്ന മൾട്ടിമീഡിയ ലൈബ്രറി ഇവിടെ സംവിധാനം ചെയ്യപ്പെടും.**

## ഡേററാബേയ്സ് ഡെവലപ്പ്മെൻറ്

കേരളത്തിലെ സസ്റൈറനബിൾ അഗ്രിക്കൾച്ചറൽ ഡെവലപ്പ്മെൻറ് എന്ന വിഷയത്തിലെ ഒരു ഡേററാബേയ്സ് നിർമ്മിച്ച് ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് ഇന്ത്യാ ഗവൺമെൻറിൻെറ കീഴിലുള്ള NIC യുടെ സഹായം തേടിയിട്ടുമുണ്ട്.

## മൾട്ടിമീഡിയ വിഭാഗം

ഗ്രന്ഥാലയ—വിജ്ഞാന വിതരണ രംഗത്തെ അത്യന്താധുനിക സാങ്കേതിക വിദ്യയാണ് മൾട്ടിമീഡിയ ലൈബ്രറികൾ. ഇൻഡ്യയിൽ ആദ്യം ഇത്തരമൊരു സംവിധാനം രൂപകൽപന ചെയ്ത (MCLAS) വിദഗ്ധർ കാർഷിക സർവകലാശാലയിലുണ്ട്. വിദ്യാർത്ഥിക്കോ ഗവേഷകനോ തൻെറ മുന്നിലുള്ള കമ്പ്യൂട്ടർ ടെർമിനലിലൂടെ തനിക്കാവശ്യമായ വിഷയത്തിലുള്ള പുസ്തകം വായിക്കുന്നതിനോ, വീഡിയോ പ്രോഗ്രാം വീക്ഷിക്കുന്നതിനോ, വിദഗ്ധരുടെ പ്രഭാഷണങ്ങൾ ശ്രവിക്കുന്നതിനോ ആവുന്ന, നിമിഷങ്ങൾക്കകം ഒരു മീഡിയത്തിൽ നിന്ന് മറെറാന്നിലേക്ക് മാറാനുള്ള സൗകര്യം നൽകുന്ന മൾട്ടി

മീഡിയ ലൈബ്രറി ഇവിടെ സംവിധാനം ചെയ്യപ്പെടും.

## ലൈബ്രറി നെററ് വർക്ക്

യൂണിവേഴ്സിററി ലൈബ്രറിയിലെ ഇലക്ട്രോണിക് ശേഖരങ്ങളും, ഡേററാബേയ്സുകളും, മംട്ടീമീഡിയ ലൈബ്രറികളും, മുപ്പത് പേർക്ക് ഒരേ സമയത്ത് ഉപയോഗിക്കാനാവുന്ന ഒരു 'മംട്ടിയൂസർ സിസ്ററവും വിവിധ ലൈബ്രറി പ്രവർത്തനങ്ങംക്കുവേണ്ട ഒരു നെററ് വർക്കും ഇവിടെ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. ശേഖരത്തിലെ ഇലക്ട്രോണിക് പ്രസിദ്ധീകരങ്ങളുടെയും ഉപയോക്താക്കളുടേയും എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് അറുപതുപേർക്ക് വരെ ഒരേ സമയം ഈ സൗകര്യം ലഭ്യമാക്കാനാവും. OPAC കാററലോഗ് സെർച്ചിനുമാത്രമായി ആറ് ടെർമിനലുകൾ നീക്കി വെക്കുന്നതാണ്.

## ഇൻറർനെററ് ആൻറ് ഓൺലൈൻ സർവ്വീസസ്

നാഷണൽ ലൈബ്രറി ഓഫ് അഗ്രിക്കംച്ചർ (USA) അടക്കം മററ് രാഷ്ട്രങ്ങളിലെ അഗ്രിക്കംച്ചറൽ ലൈബ്രറികളും, ബന്ധപ്പെട്ട വിഷയങ്ങളിലെ അന്തർദ്ദേശീയ ഡേററാബെയ്സുകളും ഇൻറർനെററ് വഴി ഉപയോഗിക്കാനുള്ള സൗകര്യം സെൻട്രൽ ലൈബ്രറിയിൽ ഏർപ്പെടുത്തുന്നതാണ്. ഇവിടെയുള്ള ഇലക്ട്രോണിക് ലൈബ്രറികളും, സി. ഡി.—റോമിലെ ആനുകാലികങ്ങളും, OPAC കാററലോഗും യൂണിവേഴ്സിററിയുടെ കമ്പ്യൂട്ടർ ശൃംഖല വഴി ദൂരെയുള്ള കോളേജുകംക്കും ഗവേഷണ കേന്ദ്രങ്ങംക്കും കൂടി ഉപയോഗപ്പെടുത്താനാവും. മററ് രാഷ്ട്രങ്ങളിലെ ലൈബ്രറികളും ഡേററാബെയ്സുകളും സെൻട്രൽ ലൈബ്രറിയിലൂടെ എല്ലാ സ്റേറഷനുകളിലും ലഭ്യമാക്കാൻ വേണ്ടി ലൈബ്രറിയിൽ ഒരു വിസാററ് സ്ഥാപിക്കാനുള്ള പദ്ധതിയുമുണ്ട്.

## ഇൻഫ്ളിബ്നെററ്

കേരളത്തിൽ നിന്ന് അഗ്രിക്കംച്ചറൽ യൂണിവേഴ്സിററി ലൈബ്രറിയെയും യു. ജി. സി. യുടെ ഇൻഫർമേഷൻ ആൻഡ് ലൈബ്രറി നെററ്വർക്ക് (Inflibnet) ശൃംഖലയിൽ ഉംപ്പെടുത്തിയിട്ടുണ്ട്, ഇതനുസരിച്ച് സെൻട്രൽ ലൈബ്രറി പ്രവർത്തനം തുടങ്ങിക്കഴിയുമ്പോഠം സ്ററാഫ് ട്രെയിനിംഗ്, സോഫ്ട്വെയർ ഡവലപ്മെൻറ്, കംപ്യൂട്ടർ സയൻറിസ്ററിൻെറ നിയമനം തുടങ്ങിയവയ്ക്ക് Inflibnet ൻെറ സഹായം ലഭിക്കുന്നതാണ്.

---

**ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങൾ കാർഷിക മേഖലയിലും അദ്ധ്യാപനത്തിനും വിജ്ഞാന വ്യാപനത്തിനും വിപുലമായി ഉപയോഗിക്കുന്നു. ബന്ധപ്പെട്ട വിഷയങ്ങളിൽ വർഷംതോറും പ്രസിദ്ധീകൃതമാവുന്ന ആയിരക്കണക്കിന് ആഡിയോവീഡിയോ കാസററുകൾ ശേഖരിക്കുവാനും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കാനും, ലൈബ്രറിയിൽത്തന്നെ അവ റഫർ ചെയ്യുവാനും സൗകര്യങ്ങൾ നൽകുന്ന ഒരു വിഭാഗം ആസൂത്രണം ചെയ്തിട്ടുണ്ട്.**

---

## ദൃശ്യശ്രാവ്യരേഖാ ശേഖരം

ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങഠം കാർഷിക മേഖലയിലും അദ്ധ്യാപനത്തിനും വിജ്ഞാന വ്യാപനത്തിനും വിപുലമായി ഉപയോഗിക്കുന്നു. ബന്ധപ്പെട്ട വിഷയങ്ങളിൽ വർഷംതോറും പ്രസിദ്ധീകൃതമാവുന്ന ആയിരക്കണക്കിന് ആഡിയോ വിഡിയോ കാസററുകഠം ശേഖരിക്കുവാനും, ഗവേഷകർക്കും വിദ്യാർത്ഥികഠംക്കും ലഭ്യമാക്കാനും, ലൈബ്രറിയിൽത്തന്നെ അവ റഫർ ചെയ്യുവാനും സൗകര്യങ്ങഠം നൽകുന്ന ഒരു വിഭാഗം ആസൂത്രണം ചെയ്തിട്ടുണ്ട്.

## ഫാർമേഴ്സ് കോർണർ

കർഷകർക്കും ഗ്രാമീണർക്കും വേണ്ടിയുള്ള ഒരു പ്രത്യേക വിഭാഗം ഇവിടെയുണ്ടായിരിക്കുന്നതാണ്. ശാസ്ത്രീയമായ കൃഷിരീതികഠം, ജന്തുപരിപാലനം, ആരോഗ്യം തുടങ്ങിയ വിഷയങ്ങളിൽ ഗ്രാമീണർക്കും സാധാരണ കർഷകർക്കും വേണ്ടി ലളിതമായ ഭാഷയിൽ രചിച്ച പുസ്തകങ്ങളുടെയും, വീഡിയോ പ്രോഗ്രാമുകളുടെയും ഗൈഡുകളുടെയും ഒരു ശേഖരം ഇതിൻെറ പ്രത്യേകതയാണ്. അത്തരം നാനൂറിലധികം പുസ്തകങ്ങഠം ശേഖരിച്ചു കഴിഞ്ഞു.

## പ്രദർശനങ്ങൾ

വിവിധ വിഷയങ്ങളിൽ സെമിനാറുകഠം നടക്കുന്ന സമയത്തും, പരിസ്ഥിതി ദിനം, കർഷക ദിനം തുടങ്ങിയ പ്രത്യേക അവസരങ്ങളിലും, അതതു വിഷയത്തെ സംബന്ധിച്ച പുസ്തകങ്ങളുടേയും ആനുകാലികങ്ങളുടേയും പോസ്ററുകളുടേയും വീഡിയോ

പ്രോഗ്രാമുകളുടേയും പ്രദർശനങ്ങൾ സെൻട്രൽ ലൈബ്രറി സംഘടിപ്പിക്കുന്നതാണ്.

## റിപ്രോഗ്രാഫിക് സർവ്വീസസ്

ലൈബ്രറിയിൽ മൈക്രോഫിലിം, മൈക്രോഫിഷ് രേഖകളുടെ ശേഖരങ്ങളുണ്ടാവും. മൈക്രോഫിഷ് റീഡർ കം പ്രിൻററും ലഭ്യമാക്കുന്നതാണ്. പുസ്തകങ്ങളിൽ നിന്നും ആനുകാലികങ്ങളിൽ നിന്നും വേണ്ട ഭാഗങ്ങൾ ഫോട്ടോ കോപ്പി ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കും. ഇവിടില്ലാത്ത രേഖകളുടെ ഫോട്ടോ കോപ്പികൾ മററ് ദേശീയ ഗ്രന്ഥാലയങ്ങളിൽ നിന്നും യൂണിവേഴ്സിററികളിൽ നിന്നും ലഭ്യമാക്കുവാൻ വേണ്ട സൗകര്യങ്ങളും ഇതോടനുബന്ധിച്ച് ഏർപ്പെടുത്തുന്നതാണ്.

## ഗ്രന്ഥശേഖരം

വികസ്വര രാഷ്ട്രങ്ങളിൽ അഗ്രിക്കൾച്ചർ, ഫോറസ്ട്രി, ഫുഡ് സയൻസ്, ആരോഗ്യം, വെററിനറി സയൻസ് തുടങ്ങിയ വിഷയങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പഠനങ്ങളും ഗവേഷണ പ്രബന്ധങ്ങളുമടങ്ങുന്ന ദക്ഷിണേന്ത്യയിലെ ഏററവും വലിയ ഗ്രന്ഥശേഖരമാണ് ഇവിടെ ലഭ്യമാവുക.

## ആനുകാലികങ്ങൾ

അഗ്രിക്കൾച്ചർ, ബയോ സയൻസ് തുടങ്ങിയ വിഷയങ്ങളിൽ ലോകമെങ്ങും പ്രസിദ്ധീകരിച്ച പ്രധാനപ്പെട്ട റിസർച്ച് ജേർണലുകളും അവയുടെ 1970 മുതലുള്ള മുഴുവൻ ലക്കങ്ങളും ഇവിടെ സൂക്ഷിക്കുന്നതാണ്.

## ഗ്രന്ഥാലയ ശാസ്ത്രം

ഗ്രന്ഥാലയ വിജ്ഞാന വിതരണ ശാസ്ത്രത്തിലെ ഗവേഷണ പദ്ധതികളും കോഴ്സുകളും ഇവിടെ സംഘടിപ്പിക്കുന്നതാണ്. പി. ജി. ക്ക് റിസർച്ച് മെതെഡോളജിയുടെ ഭാഗമായുള്ള ലൈബ്രറി സയൻസ് പ്രോഗ്രാം, സിലബസ്, ആ രംഗത്തെ ആധുനിക വികാസങ്ങൾ കൂടി ഉൾപ്പെടുത്തി നവീകരിച്ച് പ്രാക്ടിക്കലുകളോടെ വെള്ളാനിക്കര/മണ്ണുത്തി കാമ്പസ്സുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി സെൻട്രൽ ലൈബ്രറിയിൽ വച്ച് നടത്തുന്നതാണ്.

## യൂസർ ഓറിയന്റേഷൻ

വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള 'യൂസിംഗ് എ ലൈബ്രറി', അദ്ധ്യാപകർക്കും ഗവേഷണ വിദ്യാർത്ഥികൾക്കും വേണ്ടിയുള്ള 'ഓൺലൈൻ ഇൻഫർമേഷൻ റിട്രൈവൽ ടെക്നിക്സ്' എന്നീ ഒന്ന്/രണ്ട് ആഴ്ചകൾ നീണ്ടുനിൽക്കുന്ന കോഴ്സുകൾ എല്ലാ വർഷവും ഇവിടെ സംഘടിപ്പിക്കാവുന്നതാണ്.

## ഇൻസർവീസ് ട്രെയിനിംഗ്

വിസ്ഫോടകാൽമകമായ വികാസമാണ് ലൈബ്രറി ആൻറ് ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് ഇന്ന് നടക്കുന്നത്. ഇവ അറിയാനും പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുവാനും ലൈബ്രേറിയന്മാർക്ക് കഴിഞ്ഞില്ലെങ്കിൽ ലൈബ്രറികൾക്ക് ജീവസ്സുററ ഘടകങ്ങളായി നിൽക്കാനാവില്ല. പരിശീലന പദ്ധതികൾ അത്യാവശ്യമായ ഒരു രംഗമാണ് ഇത്.

മററ് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിററികളിലേയും ഗവേഷണ സ്ഥാപനങ്ങളിലേയും ലൈബ്രേറിയൻമാർക്ക് വേണ്ടി സെൽഫ് ഫൈനാൻസിങ്ങ് റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിക്കാനുള്ള പദ്ധതിയും ഉണ്ട്. ◻

**കർഷകർക്കും ഗ്രാമീണർക്കും വേണ്ടിയുള്ള ഒരു പ്രത്യേക വിഭാഗം ഇവിടെയുണ്ടായിരിക്കുന്നതാണ്. ശാസ്ത്രീയമായ കൃഷിരീതികൾ, ജന്തുപരിപാലനം, ആരോഗ്യം തുടങ്ങിയ വിഷയങ്ങളിൽ ഗ്രാമീണർക്കും സാധാരണ കർഷകർക്കും വേണ്ടി ലളിതമായ ഭാഷയിൽ രചിച്ച പുസ്തകങ്ങളുടെയും, വീഡിയോ പ്രോഗ്രാമുകളുടേയും, ഗൈഡുകളുടേയും ഒരു ശേഖരം ഇതിന്റെ പ്രത്യേകതയാണ്, അത്തരം നാനൂറിലധികം പുസ്തകങ്ങൾ ശേഖരിച്ചു കഴിഞ്ഞു.**